# കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ്

സംഗ്രഹം : ജീവനക്കാര്യം - ഡ്രഗ്സ് കൺട്രോൾ വകുപ്പ് -- സ്ഥാനക്കയറ്റ ഉത്തരവ് - ജീവനക്കാരെ വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, റെഡ് ക്രോസ്സ് റോഡ്, വഞ്ചിയൂർ പി. ഒ, തിരുവനന്തപുരം**

ഉത്തരവ് നം. ഇ3-14005/2020/ഡിസി തിരുവനന്തപുരം, തീയതി : 24/09/2021

പരാമർശം : 1. സ.ഉ.(സാധാ) നം. 2008/2021/ആകുവ, തീയതി 16/09/2021

2. സ.ഉ.(സാധാ) നം. 2064/2021/ആകുവ, തീയതി 24/09/2021

## ഉത്തരവ്

കോഴിക്കോട് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ സുജിത് കുമാർ കെ-യ്ക്ക് ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ ആയും ടി കാര്യാലയത്തിൽ റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ ഷാജി എം വർഗീസിന് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ആയും, കണ്ണൂർ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ അനിൽകുമാർ എം-ന് സീനിയർ/റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ/ സി.ഐ.ഡി.ഐ.എസ് തസ്തികയിലേക്കും സ്ഥാനക്കയറ്റം നൽകി പരാമർശം (1), (2) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, കോഴിക്കോട് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ സുജിത് കുമാർ കെ, സ്ഥാനക്കയറ്റം ലഭിച്ച ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി ടി കാര്യാലയത്തിന്റെ പൂർണ്ണ ചുമതല അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ആയി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ ഷാജി എം വർഗീസിന് കൈമാറി ഉടൻ വിടുതൽ ചെയ്യേണ്ടതാണ്. കോഴിക്കോട്ട് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റം ചെയ്യപ്പെട്ട ശ്രീ. ബെന്നി മാത്യു ചുമതല ഏറ്റെടുക്കുന്നതുവരെ ശ്രീ ഷാജി എം വർഗീസ് ടി കാര്യാലയത്തിലെ റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടറിന്റെ അധിക ചുമതല കൂടി വഹിക്കേണ്ടതാണ്.

സീനിയർ/റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ/ സി.ഐ.ഡി.ഐ.എസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീ അനിൽകുമാർ എം, സോൺ I-ന്റെ ചുമതല ശ്രീമതി സോണിയ കൃഷ്ണൻ, ഡ്രഗ്സ് ഇൻസ്പെക്ടർ-ന് കൈമാറിയ ശേഷം ഉടൻ വിടുതൽചെയ്യേണ്ടതാണ്. ശ്രീ. അനിൽ കുമാർ എം ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലെ ചീഫ് ഇൻസ്പെക്ടർ ഡ്രഗ്സ് ഇൻസ്റ്റലിജൻസ് സ്ക്വാഡ്-ന്റെ ചുമതല ഏറ്റെടുക്കുന്ന മുറയ്ക്ക് ശ്രീ സജു ആർ-നെ വിടുതൽ ചെയ്യേണ്ടതാണ്.

ശ്രീ സജു ആർ, തൃശ്ശൂർ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലെ സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ-ന്റെ ചുമതല ഏറ്റെടുക്കുന്ന മുറയ്ക്ക് ശ്രീ ബെന്നി മാത്യു-വിനെ വിടുതൽ ചെയ്യേണ്ടതാണ്.

സ്ഥലം മാറ്റപ്പെട്ട /സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ കൈവശമുള്ള സർക്കാർവക സ്ഥാവര ജംഗമവസ്തുക്കൾ, സാമ്പിൾ/കോടതി കേസുകൾ സംബന്ധിച്ച ഫയലുകൾ, ലൈസൻസ് സംബന്ധിച്ച ഫയലുകൾ, മറ്റ് ഫയലുകൾ, രജിസ്റ്ററുകൾ, ഓഫീസ് സീലുകൾ മുതലായവ പകരം ചാർജ്ജ് എടുക്കുന്ന ഉദ്യോഗസ്ഥന് രേഖാമൂലം കൈമാറേണ്ടതാണ്.

ഒപ്പ്/-
കെ ജെ ജോൺ
ഡ്രഗ്സ് കൺട്രോളർ

പകർപ്പ്

1. ശ്രീ. സുജിത് കുമാർ കെ, അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, കോഴിക്കോട്
2. ശ്രീ. ഷാജി എം വർഗീസ് , റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ,കോഴിക്കോട്
3. ശ്രീ. ബെന്നി മാത്യു, സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ, തൃശ്ശൂർ
4. ശ്രീ. സജു ആർ, സി.ഐ.ഡി.ഐ.എസ്, ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം
5. ശ്രീ. അനിൽകുമാർ എം, ഡ്രഗ്സ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, കണ്ണൂർ
6. ശ്രീമതി. സോണിയ കൃഷ്ണൻ, ഡ്രഗ്സ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, കണ്ണൂർ
7. അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, കോഴിക്കോട്
8. അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, കണ്ണൂർ
9. അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തൃശ്ശൂർ
10. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ
11. സ്റ്റോക്ക് ഫയൽ
12. ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്